(1)	(2)	(3)
എറണാകുളം	40	314
തൃശ്ശൂർ	24	155
പാലക്കാട്	44	140
മലപ്പുറം	9	53
വയനാട്	-	15
കോഴിക്കോട്	8	202
കണ്ണൂർ	22	140
കാസർഗോഡ്	13	50
ആകെ	365	2417

(ഡി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി മോഷണവും ക്രമക്കേടും സംബന്ധിച്ച് ജീവനക്കാർ പ്രതികളായ 4 കേസുകൾ സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ട്.

കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നീ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ

222 [1164] *ശ്രീ. കെ. ബി. ഗണേഷ്കുമാർ:*

,, *ജോണി നെല്ലൂർ:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ഷിബു ബേബി ജോൺ:*

,, *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റ്, തിരമാല, സൂര്യപ്രകാശം എന്നീ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള എത്ര പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) വർഷത്തിൽ 12 മാസവും വൈദ്യുതി ഉൽപ്പാദനത്തിനായി എന്തെല്ലാം നൂതനസമ്മിശ്ര (ഹൈബ്രിഡ്) പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) ഇതിനായി ഓരോ പഞ്ചായത്തിലും എനർജി കോർപ്പറേറ്റീവ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഇവയ്ക്കുവേണ്ട സാങ്കേതികസഹായം കേരള എനർജി ഡെവലപ്മെന്റ് ഏജൻസിയിൽനിന്ന് ലഭ്യമാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ നേരിട്ടോ സ്വകാര്യ സംരംഭകരെ ചുമതലപ്പെടുത്തിയോ വൈദ്യുതിയുടെ ഉൽപ്പാദനം, വിതരണം എന്നിവ നിയന്ത്രിക്കുന്നതിനുള്ള ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാറ്റ്, സൂര്യപ്രകാശം, എന്നീ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† എന്നാൽ തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടില്ല.

(ബി) അനർട്ട് വഴി നടപ്പിലാക്കിയിട്ടുള്ള വൈദ്യുതി ഉൽപ്പാദന പദ്ധതികൾ (ഗ്രാമീണ സൗരോർജ്ജ പരിപാടി) സൗരോർജ്ജം ഉപയോഗിച്ച് വർഷം മുഴുവനും പ്രവർത്തിപ്പിക്കാവുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

(സി) ഗ്രാമീണ സൗരോർജ്ജ പരിപാടികൾ നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ ഇതിന്റെ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റികൾ സഹകരണ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇവർ ഈ പരിപാടിയുടെ തുടർനടത്തിപ്പിനായി സമാഹരിക്കുന്ന തുക സമീപത്തുള്ള സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള സഹായവും അനർട്ട് ചെയ്തു കൊടുത്തിട്ടുണ്ട്.

(ഡി) എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള യുണീഡോ മേഖലാകേന്ദ്രം വഴിയായും അനർട്ട് വഴിയായും ഇത്തരം പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക സഹായം ലഭിക്കുന്നതാണ്.

(ഇ) പഞ്ചായത്തുകളിൽ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിൽ എനർജി മാനേജ്മെന്റ് സെന്റർ, മാങ്കുളം പഞ്ചായത്തിന്റെയും എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന യുണൈറ്റഡ് നേഷൻസ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ഓർഗനൈസേഷന്റെ (UNIDO) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള മേഖലാകേന്ദ്രവും ചേർന്ന് 110 കിലോവാട്ട് വൈദ്യുത പദ്ധതി സ്ഥാപിക്കുകയും വൈദ്യുതി വിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനർട്ട് വഴിയായി വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത പിന്നോക്ക വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്ക് പാരമ്പര്യേതര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വെളിച്ചം എത്തിക്കുന്നതിലേക്ക് 11 പവർ പ്ലാന്റുകൾ ഇടുക്കി, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിലായി സ്ഥാപിച്ചിട്ടുണ്ട്. ഈ പവർ പ്ലാന്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിതരണം അതാത് പഞ്ചായത്ത് മെമ്പർമാർ ഉൾപ്പെടുന്ന ഗുണഭോക്തൃ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

---

†അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 222 (1164) കാണുക]

കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിലേക്ക് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ സഹായത്തോടെ 2 വിൻഡ് മോണിറ്ററിംഗ് സ്റ്റേഷനുകൾ ഇടുക്കിയിലും കാസർഗോഡും സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമേ 14 വിൻഡ് മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും പ്രസ്തുത വർഷം അനെർട്ട് പരിപാടിയിട്ടിട്ടുണ്ട്. കാറ്റിൽനിന്നും വൈദ്യുത ഉൽപ്പാദനം നടത്തുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ രൂപം നൽകിവരുന്നു. ഊർജ്ജ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിലേക്കായി ഒരു റിന്യൂവബിൾ എനർജി പോളിസി 3-4-2002-ൽ ജി. ഒ. (എംഎസ്.) നം. 16/2002/സ്റ്റെഡ് പ്രകാരം കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാറ്റിന്റെ ശക്തി പരമാവധി ഊർജ്ജോൽപ്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിന് സഹകാര്യ മേഖലയ്ക്ക് അവസരം നൽകുന്നതിനായി 6-11-2004-ൽ ജി. ഒ. (എംഎസ്.) നം. 23/2004./പി.ഡി. പ്രകാരം മറ്റൊരു മാർഗ്ഗനിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

'എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക' എന്ന കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം എത്രയും വേഗം സാദ്ധ്യമാക്കുന്നതിലേക്കായി വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത 1521 കോളനികളിൽ 2004-ൽ സർവ്വേ നടത്തുകയും സമീപ ഭാവിയിൽ വൈദ്യുതി ബോർഡുവഴി വൈദ്യുതി എത്തിക്കുവാൻ കഴിയാത്തതും വൈദ്യുതി ശൃംഖലയിൽനിന്നും 5 മീറ്റർ അകലത്തിലായുള്ള 115 കോളനികൾ തെരഞ്ഞെടുത്ത് വൈദ്യുതീകരിക്കുന്നതിനുള്ള മൊത്ത ചെലവിന്റെ 90% (8 കോടി രൂപ) കേന്ദ്ര സഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.

ജൈവവാതക പരിപാടിയിൻകീഴിൽ 15 മീറ്റർ ക്യൂബിനുമുകളിലുള്ള താപോർജ്ജ ജൈവവാതക പ്ലാന്റുകൾക്ക് മീറ്റർ ക്യൂബിന് 3000 രൂപയും വൈദ്യുതി ഉൽപ്പാദനത്തിനുള്ള ജൈവവാതക പ്ലാന്റുകൾക്ക് മീറ്റർ ക്യൂബിന് 4000 രൂപയും വച്ച് സബ്സിഡി നൽകാൻ പദ്ധതിയുണ്ട്.

പാരമ്പര്യേതര ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്തുവാൻ പൊതുജനങ്ങളെ ആകർഷിക്കുന്നതിലേക്കായി സൗര റാന്തലുകൾ, ഗാർഹിക സൗര വിളക്കുകൾ, സാമൂഹികാവശ്യത്തിനായുള്ള ടി. വി. പവർ പായ്ക്കുകൾ, മീൻപിടുത്തക്കാർക്കുള്ള സൗര പവർ പായ്ക്കുകൾ എന്നിവയ്ക്ക് നടപ്പുവർഷം സാമ്പത്തിക സഹായം നൽകുന്നതാണ്.

GPM. 2/567/2012—48

LIBRARY ARCHIVES Kerala Legislative Assembly